ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2024 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തീയതികൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് ഉച്ചയ്ക്ക് പ്രഖ്യാപിക്കും.

   **The Election Commission will announce the schedule for General Elections 2024 today afternoon.**
2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തെലങ്കാനയിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളെ അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will attend Loksabha Election Campaigns at Telankana today.**
3. ഇന്ത്യൻ രാഷ്ട്രീയത്തിൽ കള്ളപ്പണത്തിൻറെ സ്വാധീനം ഇല്ലാതാക്കാനാണ് തെരഞ്ഞെടുപ്പ് കടപ്പത്രങ്ങൾ കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.

   **Electoral bonds were introduced to end the influence of black money in Indian politics says Union Home Minister Amit Shah.**
4. ലോകത്തെ, ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണ കേന്ദ്രമായി രാജ്യത്തെ മാറ്റാൻ പുതിയ ഇ- വാഹന നയം സഹായിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **E- vehicle policy will help to make India a manufacturing hub of e-vehicles in the world says Union Minister Piyush Goyal.**
5. ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണ കേസിൽ, ബിആർഎസ് നേതാവ് കെ കവിതയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു.

   **ED arrests BRS leader K Kavitha for alleged money laundering case of Delhi liquor policy scam.**

6. ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസിന്റെ സെമിഫൈനലിൽ കടന്ന് ഇന്ത്യൻ താരം ലക്ഷ്യ സെൻ.

Indian shuttler Lakshya Sen storms into the semifinals of All England Open Badminton Championships.

&&&&&&&&&&&&&&&&&&&&&

## HEADLINE – 1

## REV. ECI- LOK SABHA POLLS

2024 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തീയതി തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. ഡൽഹി വിജ്ഞാൻ ഭവനിൽ ഇന്ന് ഉച്ചയ്ക്ക് ശേഷമായിരിക്കും പ്രഖ്യാപനം. ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം ചില സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെ സമയക്രമവും ഇന്ന് കമ്മീഷൻ പ്രഖ്യാപിക്കും. നിലവിലെ ലോക്സഭയുടെ കാലാവധി ജൂൺ 16-നാണ് അവസാനിക്കുന്നത്. 2019-ലേതിന് സമാനമായി ഏപ്രിൽ, മെയ് മാസങ്ങളിൽ പല ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&

## PRESIDENT-HYDERABAD

ആത്മീയതയിൽ അധിഷ്ഠിതമായ നമ്മുടെ സംസ്കാരം, ലോക-സാഹോദര്യത്തിൻറെ ആത്മാവിനെ അതിൻറെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഹൈദരാബാദിലെ കൻഹ ശാന്തി വനത്തിൽ നടന്ന ചതുർ ദിന ആഗോള ആത്മീയ മഹോത്സവത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഒരു തത്ത്വചിന്ത ശരിയും മറ്റെല്ലാം തെറ്റുമാണെന്ന് തെളിയിക്കുന്നതിൽ നിന്ന് ഇന്ത്യ വിട്ടുനിൽക്കുകയാണെന്നും സത്യത്തിലെത്താനുള്ള 'സർവത്ര സമദർശനം' എന്ന ആശയം മാനിക്കപ്പെടുന്നുവെന്നും പറഞ്ഞ രാഷ്ട്രപതി ഈ

സമചിത്തതയാണ് നമ്മുടെ ആത്മീയ പാരമ്പര്യത്തിന്റെ അടിസ്ഥാനമെന്നും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## HEADLINE – 2

## PM VISIT TELANGANA

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തെലങ്കാന സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് നഗർകർണൂലിൽ പൊതുസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച് , ഇന്നലെ വൈകുന്നേരം തെലങ്കാനയിൽ എത്തിയ പ്രധാന മന്ത്രി ബി ജെ പി സ്ഥാനാർത്ഥികളോടൊപ്പം മൽകാജ്ഗിരി മണ്ഡലത്തിൽ റോഡ്ഷോ നടത്തി. തിങ്കളാഴ്ച ജഹത്യാലിൽ നടക്കുന്ന റാലിയെയും പ്രധാന മന്ത്രി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&

## PM KERALA

വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി കേരളത്തിൽ സീറ്റുകൾ നേടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പത്തനംതിട്ടയിൽ ഇന്നലെ എൻഡിഎയുടെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണ റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. പത്തനംതിട്ട, മാവേലിക്കര, ആലപ്പുഴ, കോട്ടയം ലോക്സഭാ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർഥികളുടെ പ്രചാരണം കേന്ദ്രീകരിച്ച് നടന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ, ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ തുടങ്ങിയവർ ഉൾപ്പെടെ ഒരു ലക്ഷത്തിലധികം പാർട്ടി പ്രവർത്തകർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

## HEADLINE – 3

## SHAH-ELECTORAL BONDS

ഇന്ത്യൻ രാഷ്ട്രീയത്തിൽ കള്ളപ്പണത്തിൻറെ സ്വാധീനം ഇല്ലാതാക്കാനാണ് തെരഞ്ഞെടുപ്പ് കടപത്രങ്ങൾ

കൊണ്ടുവന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തെരഞ്ഞെടുപ്പ് കടപ്പത്രങ്ങളെക്കുറിച്ചുള്ള സുപ്രീം കോടതി ഉത്തരവിനെ താൻ പൂർണ്ണമായി മാനിക്കുന്നു എന്ന് പറഞ്ഞ ശ്രീ ഷാ, അവ പൂർണ്ണമായും റദ്ദാക്കുന്നതിന് പകരം മെച്ചപ്പെടുത്തേണ്ടതായിരുന്നുവെന്നാണ് തന്റെ അഭിപ്രായമെന്നും മാധ്യമങ്ങളോട് വ്യക്തമാക്കി. പ്രതിപക്ഷ പാർട്ടി നേതാക്കൾ രാഷ്ട്രീയ സംഭാവന പണമായി വാങ്ങാറുണ്ടായിരുന്നെന്നും അതിൽ നിന്ന് ഒരു തുക പാർട്ടിയുടെ പേരിലും ബാക്കിയുള്ളത് അവരുടെ പോക്കറ്റിലും നിക്ഷേപിക്കാറുണ്ടായിരുന്നെന്നും ശ്രീ ഷാ ആരോപിച്ചു. ആകെയുള്ള 20,000 കോടി രൂപയുടെ ഇലക്ടറൽ ബോണ്ടുകളിൽ ബിജെപിക്ക് ലഭിച്ചത് ആറായിരം കോടി രൂപയാണെന്നും 14,000 കോടി രൂപയുടെ ബോണ്ടുകൾ എവിടെപ്പോയി എന്നും അദ്ദേഹം ചോദ്യം ഉന്നയിച്ചു. കൂടാതെ രാജ്യത്ത് വീണ്ടും വീണ്ടും തിരഞ്ഞെടുപ്പ് നടക്കുന്നത് ആവർത്തിച്ചുള്ള ചെലവുകളിലേക്ക് നയിക്കുന്ന ആശയമാണെന്നും, ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് ഇതിന് പരിഹാരമാണെന്നും അമിത് ഷാ വ്യക്തമാക്കി. ബിജെപിക്ക് 370-ലധികം സീറ്റുകളും എൻഡിഎയ്ക്ക് 400-ലധികം സീറ്റുകളും ലഭിക്കുമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസ്താവന ശ്രീ. ഷാ ആവർത്തിച്ചു.

&&&&&&&&&&&&&&&&&&&&

## CAA MOBILE APP

2019 ലെ പൗരത്വ ഭേദഗതി നിയമത്തിന് കീഴിൽ അപേക്ഷിക്കുന്നതിനുള്ള 'CAA-2019' മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമായി. അപേക്ഷകർക്ക് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ആപ്പ് ഡൗൺലോഡ് ചെയ്യാമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. indiancitizenshiponline.nic.in എന്ന വെബ്സൈറ്റിൽ നിന്നും ആപ്പ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

&&&&&&&&&&&&&&&&&&&&

## HEADLINE – 4

## E – VEHICLE POLICY (INTRO)

ലോകത്തിലെ, ഇ-വാഹനങ്ങളുടെ നിർമ്മാണ കേന്ദ്രമായി രാജ്യത്തെ മാറ്റാൻ ഇ- വാഹന നയം സഹായിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ഇലക്ട്രിക് വാഹനങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നനായാണ് കഴിഞ്ഞദിവസം കേന്ദ്രസർക്കാർ ഇ-വാഹന നയം പുറത്തിറക്കിയത്.

ഒരു റിപ്പോർട്ട്......... (വോയ്സ്)

## E – VEHICLE POLICY (VOICE)

ഇലക്ട്രിക് വാഹന മേഖലയിൽ നിക്ഷേപം ആകർഷിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഇ വാഹന നയം. മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ  ഇന്ത്യൻ ഉപഭോക്താക്കൾക്ക് പ്രവേശനം അനുവദിക്കുന്നതാണ് നയം. ഈ മേഖലയിൽ ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുന്ന തിലൂടെ, ഉൽപാദനത്തിൻറെ അളവും സമ്പദ്‌വ്യവസ്ഥയും വർദ്ധിപ്പിക്കാൻ നയം ലക്ഷ്യമിടുന്നു.  ക്രൂഡ് ഓയിൽ ഇറക്കുമതി, വ്യാപാര കമ്മി, അന്തരീക്ഷ മലിനീകരണം എന്നിവ  കുറയ്ക്കുക അനുബന്ധ ലക്ഷ്യങ്ങളാണ്. പുതിയ നയം അനുസരിച്ച് ഈ മേഖലയിൽ കമ്പനികൾ കുറഞ്ഞത് 4,150 കോടി രൂപയുടെ നിക്ഷേപം നടത്തേണ്ടിവരും. എന്നാൽ  പരമാവധി നിക്ഷേപത്തിന് പരിധി നിശ്ചയിച്ചിട്ടില്ല. ഇ-വാഹനങ്ങളുടെ നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിക്കുന്നതിനും കമ്പനികൾക്ക് 3 വർഷത്തെ സമയം ലഭ്യമാകും. പദ്ധതിക്ക് കീഴിൽ പ്രതിവർഷം 8,000 ഇ വാഹനങ്ങളിൽ കൂടുതൽ ഇറക്കുമതി ചെയ്യാൻ അനുവദിക്കില്ല.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&&

## ETHANOL – 100

വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഹരിത ഇന്ധനമായ എത്തനോൾ 100 കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി വിപണിയിൽ അവതരിപ്പിച്ചു. ഹരിത ഇന്ധനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിൻറെ ഭാഗമായാണ് നടപടി. പെട്രോളിൽ 92 മുതൽ 94 ശതമാനം വരെ എത്തനോൾ സംയോജിപ്പിച്ചാണ് ഇന്ധനം ഉണ്ടാകുന്നത്.

&&&&&&&&&&&&&&&&&&&&&&

## HEADLINE – 5

## NT.KAVITHA

ബിആർഎസ് നേതാവ് കെ ചന്ദ്രശേഖർ റാവുവിൻറെ മകളും മുൻ എംപിയുമായ കെ കവിതയെ ഹൈദരാബാദിലെ വീട്ടിൽ നിന്ന് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത് ഡൽഹിയിലെത്തിച്ചു. ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണക്കേസിലാണ് അറസ്റ്റ്. അറസ്റ്റിനെതിരെ സുപ്രീം കോടതിയെ സമീപിക്കുമെന്ന് കവിതയുടെ അഭിഭാഷകൻ പറഞ്ഞു. അറസ്റ്റ് രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്നു പറഞ്ഞ ബിആർഎസ് ഇ ഡി നടപടിക്കെതിരെ എല്ലാ ജില്ലകളിലും പ്രതിഷേധം സംഘടിപ്പിക്കാനും ആഹ്വാനം ചെയ്തു. ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരെ തടസ്സപ്പെടുത്തിയതിന് മുൻ മന്ത്രി കെ താരക രാമറാവുവിന് എതിരെ ഇഡിയും പരാതി നൽകി.

&&&&&&&&&&&&&&&&&&&&&&

## KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ഡൽഹി  മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ ഇന്ന് കോടതിയിൽ ഹാജരാകണമെന്ന് നിർദ്ദേശം. ഡൽഹി മജിസ്ട്രേറ്റ് കോടതിയിലാണ് ഇന്ന് ഹാജരാകേണ്ടത്. സമൻസ് സ്റ്റേ ചെയ്യണമെന്ന ഹർജി ഡൽഹി സെഷൻസ് കോടതി തള്ളി.

&&&&&&&&&&&&&&&&&&&&&&

## JHARKHAND- RAJNATH

ഏകദിന സന്ദർശനത്തിനായി ജാർഖണ്ഡിൽ എത്തിയ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ്, റാഞ്ചിയിൽ  ബിജെപി നേതാക്കളുടെയും വിവിധ മണ്ഡലങ്ങളിലെ മുതിർന്ന പാർട്ടി പ്രവർത്തകരുടെയും കോർ കമ്മിറ്റി- ക്ലസ്റ്റർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന വിഷയത്തിൽ ചർച്ച നടത്തിയ പ്രതിരോധ മന്ത്രി സംസ്ഥാനത്തിൻറെ വികസനം എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കാൻ പാർട്ടി അംഗങ്ങളോട് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

## MUMBAI- SMRITI IRANI

പരിഷ്കരണം, പ്രവർത്തനം , മാറ്റം, വിവര വിനിമയം എന്നിവ ഇന്ത്യയെ ഒരു വികസിത് ഭാരതമാക്കി മാറ്റുമെന്ന് കേന്ദ്ര മന്ത്രി സ്മൃതി ഇറാനി. മുംബൈ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നടന്ന വികസിത് ഭാരത് അംബാസഡർ മീറ്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. വിവിധ മേഖലകളിൽ സർക്കാരിൻറെ 10 വർഷത്തെ നേട്ടങ്ങൾ എടുത്തുപറഞ്ഞ കേന്ദ്രമന്ത്രി വിവിധ ബാങ്ക് പദ്ധതികളുടെ പ്രയോജനം കൊണ്ട് നിരവധി സ്ത്രീ സംരംഭകർ സൃഷ്ടിക്കപ്പെട്ടത് ഉൾപ്പെടെ എല്ലാ മേഖലകളിലും രാജ്യം വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചതായി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## PIYUSH GOYAL PATENTS

രാജ്യത്ത് നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷത്തിലധികം പേറ്റൻറുകൾ അനുവദിച്ചതായി കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു.  മൊത്തം അപേക്ഷകരിൽ 52 ശതമാനവും ഇന്ത്യക്കാരാണ്. 2014ന് മുമ്പ് ഇന്ത്യയിൽ പ്രതിവർഷം ശരാശരി 6,500 പേറ്റൻറുകളാണ് ലഭ്യമാക്കിയിരുന്നത്. മുംബൈയിൽ ഭാരതരത്നം മെഗാ കോമൺ ഫെസിലിറ്റി സെൻററിൻറെ പ്രവർത്തനം ഉൽഘാടനം ചെയ്ത ശേഷം വാർത്താ

സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ പിയുഷ് ഗോയൽ.

&&&&&&&&&&&&&&&&&&&

## BIHAR CABINET

ബിഹാറിൽ നിതീഷ് കുമാറിൻറെ നേതൃത്വത്തിലുള്ള മന്ത്രിസഭാ വിപുലീകരിച്ചു. ബിജെപിയിൽ നിന്ന് 12 അംഗങ്ങളും ജെഡിയുവിൽ നിന്ന് 9 അംഗങ്ങളും മന്ത്രിസഭയിൽ ഇടം പിടിച്ചിട്ടുണ്ട്. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പുതിയ മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇതോടെ നിതീഷ് കുമാർ മന്ത്രിസഭയിൽ ആകെ മന്ത്രിമാരുടെ എണ്ണം 29 ആയി.

&&&&&&&&&&&&&&&&&&&

## US STORM

അമേരിക്കയിൽ കഴിഞ്ഞ ദിവസം ഉണ്ടായ ചുഴലിക്കാറ്റിൽ 3 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേൽക്കുകയും വീടുകൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. വരും ദിവസങ്ങളിൽ ശക്തമായ ചുഴലിക്കാറ്റിനു സാധ്യത ഉണ്ടെന്നു കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമലയിൽ 10 ദിവസം നടക്കുന്ന ഉത്സവത്തിന് ഇന്ന് രാവിലെ കൊടിയേറും. രാവിലെ 8.20നും 9നും മധ്യേയാണ് കൊടിയേറ്റ്. നാളെ മുതൽ 24 വരെ ഉച്ചയ്ക്ക് 11.30 മുതൽ 12.30 വരെ ഉത്സവബലി ദർശനവും രാത്രി 7.30ന് ശ്രീഭൂതബലിയും നടക്കും. 20 മുതൽ 24 വരെ രാത്രി വിളക്കിനെഴുന്നള്ളിപ്പ് ഉണ്ടാകും. 24ന് രാത്രി ശരംകുത്തിയിൽ പള്ളിവേട്ട നടക്കും. ഉത്സവത്തിനു സമാപനം കുറിച്ച് അയ്യപ്പന്റെ ജൻമദിനമായ പൈങ്കുനി ഉത്രം നാളായ 25ന് ഉച്ചയ്ക്ക് 11.30ന് പമ്പയിൽ ആറാട്ട് നടക്കും.

&&&&&&&&&&&&&&&&&&&

## SANDESHKHALI-PRESIDENT

പശ്ചിമ ബംഗാളിലെ സന്ദേശ്ഖാലിയിൽ പട്ടികജാതി-പട്ടികവർഗക്കാർക്കുനേരെ ഉണ്ടായ ആക്രമ സംഭവങ്ങളിൽ രാഷ്ട്രപതി ഇടപെടണമെന്ന് ആവശ്യം. ആക്രമണത്തിന് ഇരയായവർ ഇന്നലെ രാഷ്ട്രപതി ഭവനിൽ എത്തി രാഷ്ട്രപതി ദ്രൗപതി മുർമുവിനെ നേരിൽ കണ്ടാണ് ആവശ്യം അറിയിച്ചത്.

&&&&&&&&&&&&&&&&&&&

## HEADLINE – 6

## REV.NT.BADMINTON

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൻറെ പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം ലക്ഷ്യ സെൻ സെമിഫൈനലിൽ കടന്നു. മലേഷ്യൻ താരത്തെ മറികടന്നാണ് ലക്ഷ്യ സെനിന്റെ മുന്നേറ്റം. ഇന്ന് ബിർമിംഗ്ഹാമിൽ നടക്കുന്ന സെമിഫൈനലിൽ ഇന്തോനേഷ്യൻ താരത്തെയാണ് ലക്ഷ്യ സെൻ നേരിടുക. കഴിഞ്ഞ വർഷവും ലക്ഷ്യ സെൻ ഓൾ ഇംഗ്ലണ്ട് ചാമ്പ്യൻഷിപ്പിൻറെ ഫൈനലിൽ പ്രവേശിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## REV.NT.WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ഫൈനലിൽ കടന്നു. ആവേശകരമായ എലിമിനേറ്ററിൽ മുംബൈ ഇന്ത്യൻസിനെ 5 റൺസിന് പരാജയപ്പെടുത്തിയാണ് ബാംഗ്ലൂരിന്റെ മുന്നേറ്റം. 136 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ മുംബൈ ഇന്ത്യൻസിന് 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 130 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. ബാംഗ്ലൂരിന് വേണ്ടി 50 പന്തിൽ 66 റൺസെടുത്ത എല്ലിസ് പെറിയാണ് കളിയിലെ താരം.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&